21 OCT 2017

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് ആക്ടിൻ കീഴിലും വരുന്ന സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള അപ്പലേറ്റ് അതോറിറ്റിമാരായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1355/2017/തൊഴിൽ തിരുവനന്തപുരം, തീയതി, 17.10.2017.

പരാമർശം:- 1. സ.ഉ.(കൈ) നം.64/2017/തൊഴിൽ, തീയതി, 17/08/2017.

2. ലേബർ കമ്മീഷണറുടെ 07.09.17-ലെ ജി.(2) 18006/2016 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് നിയമത്തിൻ കീഴിലും വരുന്ന സ്ഥാപനങ്ങളെ അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് ലേബർ കമ്മീഷണർ കൺവീനറായി സംസ്ഥാനതല കമ്മിറ്റിയും ജില്ലാ ലേബർ ആഫീസർ (ഇ) അദ്ധ്യക്ഷനായി ജില്ലാതല കമ്മിറ്റിയും രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുന്ന/തെരഞ്ഞെടുക്കപ്പെടുന്ന ലിസ്റ്റിന്മേൽ ആക്ഷേപങ്ങൾ ഉയർന്നുവരുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് നിലവിൽ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലായെന്നും ഈ സാഹചര്യത്തിൽ ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന/പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിന്മേൽ ആക്ഷേപം ഉണ്ടായാൽ ആയത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ചുമതല മേഖലാതലത്തിൽ അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് നൽകുന്നത് പദ്ധതിയുടെ നടത്തിപ്പിന് പ്രയോജനകരമായിരിക്കുമെന്ന് പരാമർശം 2 പ്രകാരം ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ അതാത് മേഖലയിലെ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ അവരവരുടെ ജില്ലകളിലെ അപ്പലേറ്റ് അതോറിറ്റിമാരായി നിയമിക്കാവുന്നതാണെന്നും ജില്ലാ കമ്മിറ്റി കൈക്കൊള്ളുന്ന തീരുമാനത്തിന്മേൽ തൊഴിലുടമകൾക്ക് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ലിസ്റ്റ് പബ്ലിഷ് ചെയ്ത് 5 ദിവസത്തിനുള്ളിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ മുമ്പാകെ അപ്പീലായി സമർപ്പിക്കാവുന്നതാണെന്നും ഇപ്രകാരം ലഭിക്കുന്ന അപ്പീൽ അപേക്ഷകളിന്മേൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ 5 ദിവസത്തിനുള്ളിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ ഉത്തരവാകുന്ന പക്ഷം ഗ്രേഡിംഗിന്റെ പ്രവർത്തനം കുറെക്കൂടി കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകമാകുമെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് നിയമത്തിൻ കീഴിലും വരുന്ന സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന/പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിന്മേൽ ആക്ഷേപം ഉണ്ടായാൽ ആയത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ചുമതല മേഖലാതലത്തിൽ അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്ക് നൽകിക്കൊണ്ടും അവരെ അതാത് മേഖലയിലെ അപ്പലേറ്റ് അതോറിറ്റിമാരായി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലാ കമ്മിറ്റി കൈക്കൊള്ളുന്ന തീരുമാനത്തിന്മേൽ തൊഴിലുടമകൾക്ക് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 5 ദിവസത്തിനുള്ളിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ മുമ്പാകെ അപ്പീലായി സമർപ്പിക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ 5 ദിവസത്തിനുള്ളിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡി. ലാൽ
ജോയിന്റ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ (ലേബർ കമ്മീഷണർ മുഖേന)
ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.